**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3025** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലേക്കുള്ള പുതിയ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | രാമനാട്ടുകരയിൽ നിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്നതിനോ കോഴിക്കോട്-പാലക്കാട് ദേശീയപാത വീതി കൂട്ടുന്നതിനോ പുതിയ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | കോഴിക്കോട് -മലപ്പുറം- പാലക്കാട് - ജില്ലകളെ ബന്ധിപ്പിക്കുന്ന ദേശീയപാത 966 നെ കേന്ദ്ര സർക്കാർ ഭാരത് മാല പരിയോജ നയിൽ ഉൾപ്പെടുത്തി 4/6 വരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ യെ ചുമതല പ്പെടുത്തിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ യുടെ പുതിയ അലൈൻമെന്റിൽ കോഴിക്കോട് മുതൽ കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷൻ വരെയുള്ള എൻ.എച്ച് -966-ന്റെ ഭാഗം ഉൾപ്പെട്ടിട്ടില്ല. 23.09.2021-ന് കോഴിക്കോട് ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺലൈൻ ആയി നടത്തിയ ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള ഭാഗം നാലു വരിപ്പാതയാക്കുന്നതിനുള്ള അലൈൻ മെന്റ്, ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്തുന്നതിന് നാഷണൽ ഹൈവേ എക്സിക്യൂട്ടിവ് എഞ്ചിനീയർ കോഴിക്കോടിന് നിർദ്ദേശം നൽകുകയും കോഴിക്കോട് ജില്ലാ കളക്ടറോട് പ്രസ്തുത പ്രവൃത്തി പ്രത്യേകം മോണിറ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. പ്രസ്തുത നിർദ്ദേശ പ്രകാരം രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള എൻ.എച്ച്-966ന്റെ ഭാഗം വികസിപ്പി ക്കുന്നതിനുവേണ്ടി ഡി.പി.ആർ തയ്യാറാക്കുന്നതിനു വേണ്ടിയുള്ള അലൈൻമെന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തിക്കുവേണ്ടി 33.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ